പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4658 — 27.06.2014-ലെ മറുപടിക്ക്

ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ:<br>ശ്രീ.ചിറ്റയം ഗോപകുമാർ:<br>ശ്രീ.വി.ശശി:<br>ശ്രീ.കെ.രാജു: | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതി ആരംഭിച്ചതെന്നാണെന്നും, ഒരു ലിറ്റർ പാലിന് എത്ര രൂപയാണ് സബ്സിഡി നൽകുന്നതെന്നും വ്യക്തമാക്കാമോ ; | (എ) | 2009-2010 വർഷം മുതലാണ് ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്ന പദ്ധതി ആരംഭിച്ചത്. 2009-2010 വർഷം കർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 20 പൈസ എന്ന നിരക്കിലാണ് കാലിത്തീറ്റ സബ്സിഡി അനുവദിച്ചത്. ഇത് 2013-2014 ൽ ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. മറ്റ് വർഷങ്ങളിലെ കണക്ക് താഴെപ്പറയുന്നു.<br>2010-2011 - 40 പൈസ<br>2011-2012 - 80 പൈസ<br>2012-2013 - 80 പൈസ |
| (ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം എത്ര മാസത്തെ സബ്സിഡി ക്ഷീരകർഷകർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഓരോ വർഷവും 2-3 മാസത്തെ സബ്സിഡി അനുവദിക്കുന്നു. |
| (സി) പ്രതിമാസം സബ്സിഡി നൽകുന്നതിനായി ഓരോ ജില്ലയ്ക്കും എത്ര തുക വീതം മാറ്റിവയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) | ഓരോ ജില്ലയിലും, കർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി ബഡ്ജറ്റിൽ ലഭ്യമായ തുക വീതിച്ചു നൽകുകയാണ് ചെയ്യുന്നത്. |
| (ഡി) ക്ഷീരകർഷകർക്ക് സബ്സിഡി കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ക്ഷീരകർഷകർക്ക് 2013-2014 വർഷം മുതൽ DBT സംവിധാനത്തിലൂടെ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് സബ്സിഡി തുക ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സബ്സിഡിയ്ക്ക് അർഹരായ ക്ഷീരകർഷകർക്ക് തന്നെ കൃത്യമായി ലഭിക്കുന്നുവെന്ന് സംഘം തലത്തിലും, ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ആവശ്യമായ പരിശോധന നടത്തി ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ